# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1539**     **14.06.2013-ലെ മറുപടിയ്ക്ക്**

### ഉൽപ്പാദന മേഖലയ്ക്ക് പ്രാമുഖ്യമുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | ഡോ: എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ലോകബാങ്ക് ധനസഹായം ലഭിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണമെന്ത് ; | (എ) 2012-13-ലെ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ രണ്ട് നിബന്ധനകൾ പാലിക്കേണ്ടിയിരുന്നു. 2009-10, 2010-11 എന്നീ വർഷങ്ങളിലെ ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമായിരിക്കേണ്ടതും, 2012-13-ലെ അംഗീകരിച്ച പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമായിരിക്കണം എന്നിവയായിരുന്നു ഈ നിബന്ധനകൾ. ഇതിൽ 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം പുതുക്കിയ മാനദണ്ഡങ്ങളനുസരിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടിയിരുന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ താമസിച്ചാണ് പദ്ധതി രേഖകൾ സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിച്ചതും. ഈ നിബന്ധന പാലിച്ചിട്ടുണ്ട് എന്ന പഞ്ചായത്ത് ഡയറക്ടറുടെയും, നഗരകാര്യ ഡയറക്ടറുടെയും നിർദ്ദേശം ലഭിച്ചു കഴിഞ്ഞതിനുശേഷം മാത്രമാണ് പെർഫോർമൻസ് ഗ്രാന്റ് വിതരണം ചെയ്യാൻ സാധിച്ചത്. |
| (ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച കേന്ദ്രവിഹിതം എത്ര ; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ജനറൽ പെർഫോർമൻസ് ഗ്രാന്റും, ജനറൽ ബേസിക് ഗ്രാന്റും) 409,46,45,000/- രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 178,66,00,000/- രൂപയും കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (സി) കേന്ദ്രസഹായം ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് പദ്ധതി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ